

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശുരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.എൽ.എം.പി10/2154/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/12/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശുരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശുരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശുരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 06/12/2025
കെ.എസ്.എ.കെ.എൽ.എം.പി10/2154/25

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മണിലാൽ.വി	ഡെപ്യൂട്ടി ഡയറക്ടർ	07-10-2025	16-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2025	16-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലാലു ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺജിത്ത് ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.രശ്മി.വി, ഓഡിറ്റർ
ശ്രീ.അഖിൽ ആർ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ എസ്.കെ.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ലീനബീഗം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ.അജിത് മോഹൻ	അസി.സെക്രട്ടറി	01-04-2024	01-11-2024
ശ്രീ.രാജേഷ് ദാസ് വൈ	അസി.സെക്രട്ടറി	02-11-2024	31-03-2025
ശ്രീമതി ഗൌരി	മെഡിക്കൽ ആഫീസർ,ആയുർവ്വേദം	01-04-2024	31-03-2025
ശ്രീമതി ഡോ.സെമീന.കെ	മെഡിക്കൽ ഓഫീസർ, അലോപ്പതി	01-04-2024	31-03-2025
ശ്രീ.നിഷാന്ത്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി സരിത ഭാർഗ്ഗവൻ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	11-09-2025
ശ്രീ.വിനോദ് കുമാർ.വി	അസിസ്റ്റന്റ് എഞ്ചിനീയർ	12-09-2024	12-09-2024
ശ്രീ.ജിനു അരവിന്ദ്	അസിസ്റ്റന്റ് എഞ്ചിനീയർ	13-09-2024	31-03-2025
ശ്രീമതി മാനസജ്യോതി	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ഷാജിത.എച്ച്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	17-08-2024
ശ്രീമതി ലതികുമാരി അമ്മ പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	18-08-2024	31-03-2025
ശ്രീമതി രതി.റ്റി.ജെ	വി ഇ ഓ	01-04-2024	31-03-2025
ശ്രീ.ഗിരീഷ്.വി	വി ഇ ഓ	01-04-2024	31-03-2025
ശ്രീ.ഉമേഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീ. എഡ്ഗർ സക്കറിയാസ്	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-2
4	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-3
5	ലഡ്ജർ ബാലൻസുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം	1-3
8	ഗ്രാന്റ് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് പരിശോധന	1-8
13	ആഭ്യന്തരനിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ	1-11
16	ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കുവാൻ ബാക്കിനിൽക്കുന്നു.	1-12
17	ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ പ്രോജക്ട് - മുഴുവൻ മരുന്നും ലഭ്യമായില്ല	1-13
18	അൺഎയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി ഈടാക്കിയില്ല.	1-14
19	വസ്തു നികുതി -പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകി	1-15
20	അധിക നിർമ്മിതിയ്ക്ക് വസ്തു നികുതി നിർണ്ണയിച്ചില്ല	1-16
21	ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല	1-17
22	ലൈഫ് ഭവന നിർമ്മാണം-തുക അധികം നൽകി	1-18
23	വയോജനങ്ങൾക്ക് കട്ടിൽ -5 കട്ടിലുകൾ വിതരണം നടത്തിയില്ല.	1-19
24	അനുപൂരക പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ രണ്ട് തവണ തുക അനുവദിച്ചു.	1-20
25	അങ്കണവാടി ഭരണ നിർവ്വഹണ ചെലവ്-വെള്ളക്കരമിനത്തിൽ കുടിശ്ശിക വരുത്തി പിഴ ഒടുക്കി	1-21
26	മിനറൽ ട്രാൻസിറ്റ് പാസ്-ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല.	1-22
27	നിക്ഷേപ പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കി നിക്ഷേപത്തുക ക്രമീകരിക്കുന്നില്ല.	1-23
28	ജനകീയാസൂത്രണം 2014-15 -കൊയ്ത്ത് മെതി യന്ത്രം, ട്രാക്ടർ - ആസ്തി പരിപാലനത്തിലെ അപാകതകൾ	1-24
29	ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ അപാകതകൾ	1-25
30	സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-26
31	പൊതുടാപ്പുകൾ നിർത്തലാക്കൽ-പ്രോജക്ടിനായി വിനിയോഗിച്ചശേഷം ബാക്കി വന്ന തുക തിരികെ ഈടാക്കിയില്ല.	1-27
32	ആർദ്രം ജീവനക്കാരുടെ വേതനം-വേതനം നല്കുന്നതിനായി അധികത്തുക ചെലവഴിച്ചു.	1-28
33	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-29
34	ജൽജീവൻ മിഷൻ അവലോകനം	1-30
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം	4-2

3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11.07.2025 തീയതിയിലെ 3-ആം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 15.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൊല്ലം
തീയതി: 06.12.2025

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി

അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

(I) വസ്തുനികുതി വരവ്, കുടിശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(Ii) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-1-4 ലഡ്ജർ ബാലൻസുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

(I) സി എഫ് സി ടൈഡ്, ബേസിക് ഫണ്ടുകളുടെ വരവുകൾ പരിശോധിച്ചതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ തുകയും ധനകാര്യപത്രിക പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

ഫണ്ട്	RP 30 പ്രകാരം വരവ് ₹	സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത് പ്രകാരം വരവ് ₹
സി എഫ് സി ടൈഡ്- ബാങ്ക്	44,16,000	69,82,500
സി എഫ് സി ബേസിക് -ബാങ്ക്	56,76,705	29,44,361

(Ii) മെയിന്റനൻസ് ഗ്രാൻഡ് നോൺ-റോഡ് ഫണ്ടിന്റെ ധനകാര്യപത്രിക പ്രകാരമുള്ള ചെലവും എ സി ആർ പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ധനകാര്യ പത്രിക പ്രകാരം ചെലവ് ₹75,73,486/-

എ സി ആർ പ്രകാരം ചെലവ് ₹76,18,005/-

(Iii) B-5 സെക്കുവേർഡ് ലോൺ ഹെഡിലെ ലോൺ ബാധ്യത (₹8,38,52,411/-) B-16 ലെ പ്രീപെയ്ഡ് എക്സ്പെൻസ് (₹8,44,53,419/-) തുകയും ആയി പൊരുത്തപ്പെടുന്നില്ല.

(Iv) B-4 ഷെഡ്യൂളിലെ സി എഫ് സി ഫണ്ടിനായുള്ള 320200104,320200113 ഹെഡുകളിലെ ആകെ ബാധ്യത ₹72,31,905/- (₹43,71,626/- + ₹28,60,279/-) ആണ്. എന്നാൽ B-17 ലെ ബാങ്ക് അക്കൗണ്ടിലെ (450210102) തുക ₹72,28,405/- ആണ്.

1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 13.02.24 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 24.02.25 ലെ 5 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	54904259/-രൂപ
വരവ്	54545870/-രൂപ
ആകെ	109450129/-രൂപ
ചെലവ്	78031029/-രൂപ
നീക്കിയിരിപ്പ്	31419100 /-രൂപ
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	10,19,522/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ട്	മുൻബാക്കി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് (ജന)	0	17476000	17476000	17476000	0
വികസനഫണ്ട് (എസ് സി പി)	0	10658000	10658000	10658000	0
മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	0	13714000	13714000	13522860	1,91,140
മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)	0	7971000	7971000	7573486	397514
സി എഫ് സി-ടൈഡ്- ട്രഷറി	0	444763	444763	355909	88854

സി എഫ് സി- അൺ ടൈഡ് - ട്രഷറി	0	221068	221068	187709	33359
സി എഫ് സി- ടൈഡ് ബാങ്ക്	1419221	6982500	8401721	2974942	5426779
സി എഫ് സി- അൺടൈഡ്- ബാങ്ക്	1716241	3110205 (Interest 165844 Included)	4826446	3021260	1805186

കേന്ദ്ര / സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

ഐ.സി.ഡി.എസ് (320100196)	1767445	2821689	4589134	1599115	2990019
റ്റി.എസ്.സി (320100181)	547607	7576	555183	0	555183
കേന്ദ്ര അവാർഡ്	1623923	55044	1678967	0	1678967
ഹെൽത്ത് ഗ്രാന്റ്- ഇൻഫ്രാസ്ട്രക്ചർ	761502	396255	1157757	582970	574787
ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ	150562	604160	754722	142290	612432
ലൈഫ് സ്റ്റേറ്റ് ഷെയർ	18244458	7200000	25444458	23604458	1840000
ശുചിത്വ മിഷൻ(320100198)	115292	0	115292	0	115292
എസ്.ബി.എം ഗ്രാമീൺ ഫേസ് II (320100182)	0	1285950	1285950	1285950	0
ബെസ്റ്റ് പഞ്ചായത്ത് അവാർഡ്	200000	0	200000	0	200000
സോഷ്യൽ ജസ്റ്റിസ് ക്യാപിറ്റൽ	5929	237	6166	0	6166
ഇന്റർ നാഷണൽ ഓർഗനൈസേഷൻസ് ക്യാപിറ്റൽ	39661	1586	41247	0	41247

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
212	346734845/-	163	103454763/-	15	49	76.88%

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണചെലവുകൾ	0	27,15,870/-	27,15,870/-	23,25,844/-	3,90,026
തൊഴിലാളികളുടെ കൂലി	0/-	6,13,78,911/-	6,13,78,911/-	6,13,78,911/-	0
ആകെ	0/-	6,40,94,781/-	6,40,94,781/-	6,37,04,755/-	3,90,026

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
കർഷകതൊഴിലാളി പെൻഷൻ	21,93,800/-
വിധവാപെൻഷൻ	1,54,10,800/-
വാർദ്ധക്യകാലപെൻഷൻ	3,01,51,800/-
ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ	56,14,400/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	1,56,400/-
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	60,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.10.2025 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3584/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

മതിയായ സൗകര്യങ്ങളോട് കൂടിയ ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സേവനങ്ങൾ സംബന്ധിച്ച ബോർഡുകൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ 2024-25 സാമ്പത്തിക വർഷം ഐ.എൽ.ജി.എം.എസ് വഴി രസീത് നൽകി സ്വീകരിച്ചിരുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചു വരുന്നു. കൈകൊണ്ടെഴുതിയ രസീതുകൾ മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നുണ്ട്. പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി, തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ള ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് യഥാസമയം മുതൽ കൂട്ടേണ്ടതാണ്. മരാമത്ത് പ്രവർത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ നിർബന്ധമായും ഇൻഷുറൻസ് എടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ സഭാ മിനിട്സ് യഥാസമയം പൂർത്തിയാക്കി കൺവീനറും കോ-ഓർഡിനേറ്ററും ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരം ജനറൽ കമ്മിറ്റി മിനിട്സ് സമയബന്ധിതമായി അംഗീകരിക്കേണ്ടതാണ്. പദ്ധതി പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ പൂർണമായും വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. വികേന്ദ്രീകൃതാസൂത്രണം മുഖേന മുൻ വർഷങ്ങളിൽ വാങ്ങിയ ഉപകരണങ്ങൾ പരിപാലിക്കുവാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. തെരുവ് വിളക്ക് പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് മറ്റ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികൾ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12/08/2022	04-2022 മുതൽ 06-2022 വരെ	12/08/22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/02/2017	2011-12 മുതൽ 2015-16 വരെ	12/04/17

1-11 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

(1) ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ആയവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല.
(2) ഗ്രാമപഞ്ചായത്തിൽ തൻവർഷം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ശ്രീ.അരവിന്ദ്.എ, ശ്രീ.റിയാസ്.കെ, ശ്രീ.കമറുദ്ദീൻ, ശ്രീ.ഡാനിക്കുട്ടി, ശ്രീ.ഹാഷിം, ശ്രീ.ഗോപകുമാരൻപിള്ള, ശ്രീ.സോമശേഖരപിള്ള, ശ്രീ.രാജീവ്, ശ്രീ.സനൽ, ശ്രീ.നസീർ, ശ്രീ.ഷാജൻ എന്നീ കരാറുകാറിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല.
(3) ഗ്രാമപഞ്ചായത്ത് പരിധിയിൽ 5 പാരാമെഡിക്കൽ സ്ഥാപനങ്ങളും 4 ട്യൂട്ടോറിയൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആയവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, മേൽ സ്ഥാപനങ്ങൾ/ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.09/ 13.10.25

1-12 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കുവാൻ ബാക്കിനിൽക്കുന്നു.

വൗച്ചർ രേഖകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ വൗച്ചർ നമ്പർ 522, 527 / ചെക്ക് നമ്പർ 003572 തീയതി 10. 09.24, 003573 തീയതി 11. 09.24 പ്രകാരം 1,40,000/- രൂപ ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയിട്ടുണ്ട്. എന്നാൽ 124000/- രൂപ മാത്രമേ തിരികെ ഈടാക്കിയട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിൽ ഹെഡ്ക്ലാർക്കായിരുന്ന ശ്രീമതി.സലീനയ്ക്ക് 20000/-രൂപ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയിരുന്നുവെന്നും, ആയതിൽ 4000/- രൂപ തിരികെ പിടിച്ചുവെന്നും, പിന്നീട് ടിയാൾ പ്രൊമോഷനായി പാണാഞ്ചേരി ഗ്രാമപഞ്ചായത്തിലേക്ക് പോയിട്ടുള്ളതും അവിടെ നിന്നും ട്രാൻസ്ഫറായി വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലേക്ക് പോയിട്ടുള്ളതുമാണെന്നും, വള്ളിക്കുന്ന് പഞ്ചായത്തിൽ നിന്നും 8000/- രൂപ ഈ വർഷം ലഭിച്ചിട്ടുണ്ടെന്നും, പാണാഞ്ചേരി പഞ്ചായത്തിൽ നിന്നും 8000/- രൂപ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.09/ 13.10.25

1-13 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ പ്രോജക്ട് - മുഴുവൻ മരുന്നും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ, ആലപ്പുഴയ്ക്ക് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം/പേര്	നൽകിയ തുക(രൂപ)	ബിൽ നം/ തീയതി	ലഭ്യമായ മരുന്നിന്റെ വില	ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില
107 – ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ	ബ്ലോക്ക് വിഹിതം 1,00,000/-	24040352010601120648 / 2.01.25	LF 1193-89,869/- LF 785 – 2445/- LF 1518-3577/-	4109/-
	മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 3,00,000/-	24040352010600801687 / 21.10.24	LF 2781-60,184/- LF 2457-78,953/- LF 1339 – 25,010/- LF 805 – 1,33,144/-	2709/-
ആകെ	4,00,000/-		3,93,182 /-	6,818 /-

മരുന്ന് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ആയതിന്റെ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.18/ 16.10.25

1-14 അൺഎയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി ഈടാക്കിയില്ല.

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 (വിജ്ഞാപനം നം 15(2) ലെഗ്. എ2/2023/നിയമം തീയതി 28.03.2023) പ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മദർ സുപ്പീരിയർ ബസലേൽ കോൺവെന്റ്(3/318) എന്ന അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിയ്ക്ക്, നികുതി ഒഴിവാക്കി നൽകിയിരിക്കുകയാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 1-4-23 പ്രാബല്യത്തിൽ വന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 04/08-10-25

1-15 വസ്തു നികുതി -പ്രഥമ മേഖലയിൽ ഉൾപ്പെട്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകി

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയ, ഫോറം 6, സൈറ്റ് പ്ലാൻ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പ്രഥമ മേഖലയിൽ ഉൾപ്പെട്ടതും 5 മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ളതും പുതിയകാവ് ചക്കുവള്ളി റോഡിന്റെ സൈഡിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ 10% ഇളവ് നൽകി. (5 മീറ്ററിൽ കൂടുതൽ വഴിസൗകര്യമുള്ള പുതിയകാവ് ചക്കുവള്ളി റോഡിന്റെ സൈഡിൽ സ്ഥിതി ചെയ്യുന്നതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള 20% വർദ്ധനവ് ഈടാക്കിയിട്ടുണ്ട്.) വിശദാംശം ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട	ഉടമയുടെ പേര്	വിസ്തീർണ്ണം ച.മിറ്റർ	ഉപയോഗക്രമം	നിരക്ക് (ച.മീറ്റർ)	റോഡ് (5മീറ്ററിൽ	നിർണ്ണയിച്ച അടിസ്ഥാന	ദ്വിതീയ മേഖലയിൽ

നമ്പർ					കൂടുതൽ)	വസ്തുനികുതി	ഉൾപ്പെടുത്തി 10 ശതമാനം ഇളവ് നൽകിയതിനാൽ വസ്തു നികുതിയിൽ കുറവുണ്ടായ തുക
2/682	ശ്രീ.പ്രമോദ്കുമാർ.ധന്യ	175.8	പാർപ്പിടം	7.35	പുതിയകാവ് ചക്കുവള്ളി റോഡ്	1292.13	129.213
3/643	ശ്രീ.രാജൻ, ദൈവമുള്ളതിൽ വീട്	159.21	ഗോഡൗൺ,സ്റ്റോറേജ്	52.5	പുതിയകാവ് ചക്കുവള്ളി റോഡ്	8358.525	835.8525

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, മേൽ കെട്ടിടങ്ങൾ പ്രഥമ മേഖലയിൽ ഉൾപ്പെട്ടതാണെന്നും നിലവിൽ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കുന്നതിന് കെ-സ്മാർട്ടിൽ ഓപ്ഷനില്ലായെന്നും, സൂചികയിൽ കംപ്ലെയിന്റ് രജിസ്റ്റർ ചെയ്ത് അപാകത പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തി നികുതി പുനർ നിർണ്ണയിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ-6/09-10-2025

1-16 അധിക നിർമ്മിതിയ്ക്ക് വസ്തു നികുതി നിർണ്ണയിച്ചില്ല

ശ്രീ.കൃഷ്ണ കുമാർ, കൃഷ്ണാലയം എന്ന വ്യക്തിയ്ക്ക് തൻവർഷം S5-Ba 218553/2024 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിലേക്ക് ഹാജരാക്കിയ സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ പാർപ്പിടാവശ്യത്തിനുള്ള 16/578 നമ്പർ എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട് . പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തൃതി 66.97 M2 ആണ്. എന്നാൽ സഞ്ചയ പ്രകാരം മേൽ കെട്ടിടത്തിന്റെ 58 M2 ഭാഗത്തിനു മാത്രമേ നികുതി ഈടാക്കിയിട്ടുള്ളു. 8.97 M2 ഭാഗത്തിനു നികുതി ഈടാക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട എൻക്വയറിയ്ക്ക്, സ്ഥല പരിശോധന നടത്തി നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അധിക നിർമ്മിതി ക്രമവൽക്കരിച്ചതിന്റെയും നികുതി പുനർനിർണ്ണയിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ-8/**09-10-2025**

1-17 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതി 2020 പ്രകാരം 2021 -22 മുതൽ 2023-24 സാമ്പത്തിക വർഷം വരെ ആദ്യഗഡു ധനസഹായം കൈപ്പറ്റിയവരിൽ 16 ഗുണഭോക്താക്കൾ വീടു പണി പൂർത്തികരിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി - എസ്സ്.സി

ക്രമ നം	പേര്,മേൽ വിലാസം	നൽകിയ തുക/ തീയതി
1	ശ്രീമതി തങ്കമണി, കലേഷ് ഭവനം,കിടങ്ങയം നടുവിൽ (വാർഡ്15)	40000/-12.11.21
2	ശ്രീമതി അജിത, തുണ്ടിൽ തെക്കതിൽ,(വാർഡ്15)	40000/-14.12.21
3	ശ്രീമതി വിമല, തടത്തിൽ തെക്കതിൽ,(വാർഡ്12)	40000/-16.09.22
4	ശ്രീ ബാലകൃഷ്ണൻ,തടത്തിൽ വീട്(വാർഡ്12)	40000/-28.10.22
5	ശ്രീമതി ഷീല വി.,അജേഷ്കുമാർ,കളീക്കലയ്യത്ത് (വാർഡ് 2)	40000/-24.12.22 160000/-25.07.23
6	ശ്രീ രാമചന്ദ്രൻ ജി.,പാലവിളയിൽ,(വാർഡ് 16)	40000/-/09.10.23
7	ശ്രീ ശ്രീരാജ് വി.,ശ്രീജിത്ത് ഭവനം,കിടങ്ങയം നടുവിൽ, (വാർഡ് 15)	40000/-/20.02.23
8	ശ്രീ മോഹനൻ, മനോജ്ഭവനം, ഇരുവിച്ചിറ നടുവിൽ, (വാർഡ് 2)	40000/-/09.10.23
9	ശ്രീ സുരേഷ് സി.,പാലവിള വടക്കതിൽ,(വാർഡ് 12)	40000/-/24.05.23
10	ശ്രീമതി സരസമ്മ ഒ.,യഥുകൃഷ്ണ ഭവനം,ആയിക്കുന്നം,(വാർഡ് 9)	40000/-/16.08.23

11	ശ്രീ ബാബുരാജൻ,ഷിജു ഭവനം,തൃക്കുന്നപ്പുഴ, (വാർഡ് 10)	40000/-/24.05.23
12	ശ്രീ അജികുമാർ എ, ശിവകൃപാ ഭവനം, കിടങ്ങയം വടക്ക്,(വാർഡ് 8)	40000/-/24.05.23

2. **ലൈഫ് ഭവന പദ്ധതി - ജനറൽ**

ക്രമ നം	പേര്,മേൽ വിലാസം	നൽകിയ തുക/ബിൽ നമ്പർ/തീയതി
1	ശ്രീമതി.ഉഷ, ഷാജി, ആർ.,ഷാജി ഭവനം, ഇരുവിച്ചിറ നടുവിൽ,(വാർഡ്2)	40000/-21.12.22
2	ശ്രീമതി അബിദാ, കായിപ്പുറത്ത് വീട് ,ഇരുവിച്ചിറ നടുവിൽ(വാർഡ് 1)	40000/-23.11.23
3	ശ്രീമതി.പ്രശാന്ത ആർ.,രാജേഷ് ഭവനം,(വാർഡ് 4)	40000/-26.02.24
4	ശ്രീ. ഉണ്ണികൃഷ്ണൻപി., വല്ല്യച്ചൻനട കിഴക്കതിൽ, കിടങ്ങയം കന്നിമേൽ (വാർഡ്15)	40000/-26.02.24

ഇതിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവർക്ക് നിരവധി തവണ നേരിട്ടും കത്ത് മുഖേനയും പ്രവൃത്തി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും പുരോഗതി ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നിയമ പ്രകാരം നടപടിക്ക് 23.05.25 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-16/16-10-2025

1-18 ലൈഫ് ഭവന നിർമ്മാണം-തുക അധികം നൽകി

ഫണ്ടിനം/അടങ്കൽ	ചെലവ്₹
സ്റ്റേറ്റ്ഷെയർ -25520000/-	18744458/-
ബ്ലോക്ക്ഷെയർ-8670000/-	3,00,000/-
ലോൺ-28850000/-	10621012/-
ആകെ -63040000/-	29665470/-

2024-25 വർഷം വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് ഭവനനിർമ്മാണം 2020 (പ്രോജക്ട് നം-142/25) എന്ന പദ്ധതി പ്രകാരം ശ്രീമതി രമണിയമ്മ,കിഴക്കടത്ത്,ഇരവിച്ചിറ പടിഞ്ഞാറ് എന്ന വ്യക്തിക്ക് 50,000/-രൂപ അധികം നൽകി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	നൽകിയ തുക/ബിൽ നം/തീയതി
1	ശ്രീമതി രമണിയമ്മ, കിഴക്കടത്ത്, ഇരവിച്ചിറ പടിഞ്ഞാറ്	40000/-,12.02.24(ഹഡ്കോ ലോൺ)
		160000/-216/12.06.24(ഹഡ്കോ ലോൺ)
		100000/-311/03.09.24(സ്റ്റേറ്റ്ഷെയർ)
		100000/-416/05.12.24(സ്റ്റേറ്റ്ഷെയർ)
		50000/-498/07.01.25(സ്റ്റേറ്റ്ഷെയർ)

മേൽ പരാമർശിച്ച പ്രകാരം ഗുണഭോക്താവിന് ലൈഫ് ഭവനപദ്ധതിയിൽ അർഹമായ 4,00,000/-രൂപക്കു പുറമെ 50,000/-രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി തനതുഫണ്ടിൽ അടവാക്കിയതിന്റെ രസീത്(നമ്പർ-R-G020203-25001947/17.10.25) ഹാജരാക്കിയിട്ടുണ്ട്. തുക ബന്ധപ്പെട്ട ഫണ്ടിലൊടുക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.16/16-10-2025

1-19 വയോജനങ്ങൾക്ക് കട്ടിൽ -5 കട്ടിലുകൾ വിതരണം നടത്തിയില്ല.

പ്രോജക്ട് നം - 155
വികസന ഫണ്ട്-പൊതു വിഭാഗം അടങ്കൽ - 940322/-
ചെലവ് - 872100/-
ബിൽ നം/തീയതി-8/19.11.24 തുക = 523260/-

ബിൽ നം/തീയതി-9/10.03.25തുക = 348840/-
തൻവർഷം ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ. 60വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ടി പ്രോജക്ട് പ്രകാരം 255 കട്ടിലുകൾ 3420 /-രൂപ നിരക്കിൽ (എല്ലാ നികുതിയും ഉൾപ്പെടുത്തി) ആർട്ട്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്.വിശദാംശം ചുവടെ ചേർക്കുന്നു.

ഇൻവോയ്സ് നം/തീയതി	എണ്ണം	നൽകിയ തുക
2024-25KLM-76/17.10.24	45	153900/-
2024-25KLM-77/17.10.24	45	153900/-
2024-25KLM-78/17.10.24	45	153900/-
2024-25KLM-79/17.10.24	45	153900/-
2024-25KLM-80/17.10.24	45	153900/-
2024-25KLM-81/17.10.24	30	102600/-
ആകെ	255	872100/-

എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 250 കട്ടിലുകൾ മാത്രമേ വിതരണ നടത്തിയിട്ടുള്ളു. 5 എണ്ണം വിതരണം നടത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, 5 ഗുണഭോക്താക്കൾ മരണപ്പെട്ടു പോയതിനാലാണ് കട്ടിലുകൾ വിതരണം നടത്താതിരുന്നതെന്നു മറുപടി ലഭ്യമാക്കി. കട്ടിലുകൾ വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കും വരെ 5 കട്ടിലുകളുടെ വിലയായ 17100/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.11/15.10.25

1-20 അനുപൂരക പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ രണ്ട് തവണ തുക അനുവദിച്ചു.

അടങ്കൽ-600000/-(എസ്.സി.പി. ഫണ്ട്)
ചെലവ്-586807/-
ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം എന്ന പ്രോജക്ട്(70/25) പ്രകാരം വിവിധ അങ്കണവാടികളിലേക്ക് ഫുഡ് സപ്ലിമെന്റ്സ് കി.ഗ്രാമിന് 1.80 രൂപ നിരക്കിൽ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ശ്രീ ഉന്മേഷ് യു എന്ന വ്യക്തിയ്ക്ക് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയിട്ടുണ്ട്. 1365 കി.ഗ്രാം ഗോതമ്പ് വിവിധ അങ്കണവാടികളിൽ എത്തിച്ചതിന് 2457/-രൂപ വീതം 15/18.03.25, 16/25.03.25 എന്നീ ബില്ലുകൾ പ്രകാരം 2 തവണ അനുവദിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട എൻക്വയറിയ്ക്ക്, അധികമായി നൽകിയ 2457/-രൂപ 2025-26 വാർഷിക പദ്ധതി പ്രകാരം നൽകുന്ന തുകയിൽ അഡ്ജസ്റ്റ് ചെയ്ത് അറിയിക്കാം എന്ന മറുപടി ലഭ്യമാക്കി.അധികമായി അനുവദിച്ച തുക മേൽ പ്രകാരം അഡ്ജസ്റ്റ് ചെയ്തു നൽകിയതിന്റെ രേഖകൾ ഹാജരാക്കും വരെ 2457/- രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു.
തടസ്സപെടുത്തിയ തുക-2457/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ-11/15.10.25

1-21 അങ്കണവാടി ഭരണ നിർവ്വഹണ ചെലവ്-വെള്ളക്കരമിനത്തിൽ കുടിശ്ശിക വരുത്തി പിഴ ഒടുക്കി

അടങ്കൽ-50000/-(മെയിന്റനൻസ് ഫണ്ട്-നോൺറോഡ്)
ചെലവ്-28742/-
ബിൽ നമ്പർ-13/18.03.25
നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ
അങ്കണവാടികളുടെ ഭരണ നിർവ്വഹണ ചെലവ് എന്ന പ്രോജക്ട്(76/25) പ്രകാരം ചില അങ്കണവാടികളുടെ വെള്ളക്കരമിനത്തിലെ പിഴ, കുടിശ്ശിക എന്നിവ ഒടുക്കു വരുത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

അങ്കണവാടി നമ്പർ	കേരള വാട്ടർ അതോറിറ്റി ബിൽ നമ്പർ/തീയതി	ഒടുക്കു വരുത്തിയ കുടിശ്ശിക തുക	പിഴത്തുക
98	159951711/10.02.25	645	26
81	152739145/02.11.24	645	26
98	9197/10.10.24	1992	76
91	160754263/18.02.25	3460	128
87	160534377/15.02.25	3485	130
		ആകെ-10227/-	386/-

മേൽ പ്രകാരം വെള്ളക്കരമിനത്തിൽ കുടിശ്ശിക വരുത്തിയതിനും തുക അനുവദിച്ചു നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്. ബില്ലുകൾ യഥാമാസങ്ങളിൽ ലഭ്യമാകാത്തതിനാലാണ് അങ്കണവാടി

വർക്കർമാർ യഥാസമയം തുക ഒടുക്കു വരുത്താതിരുന്നതെന്നു മറുപടി ലഭ്യമാക്കി. മറുപടി അംഗീകരിക്കാവുന്നതല്ല. അങ്കണവാടികളുടെ വെള്ളക്കരം, കറണ്ട് ചാർജ്ജിനത്തിലുള്ള തുകകൾ യഥാസമയം ഒടുക്കു വരുത്തുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതും മേൽ പ്രകാരമുള്ള അനാവശ്യച്ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-11/15.10.25

1-22 മിനറൽ ട്രാൻസിറ്റ് പാസ്-ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയില്ല.

കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 2015-ലെ (31/03/2023 ലെ സ.ഉ (അച്ചടി) നം 38/2023 ഐഡി പ്രകാരമുള്ള ഭേദഗതി) ചട്ടം 14 (4) പ്രകാരം 278.7 M2 (3000 ച. അടി) താഴെ കെട്ടിട വിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പെർമിറ്റ് ലഭിച്ച വ്യക്തിക്ക് നിർമ്മാണത്തിന്റെ ഭാഗമായി സൈറ്റിൽ നിന്നും മണ്ണ് നീക്കം ചെയ്യേണ്ട സാഹചര്യത്തിൽ, നീക്കം ചെയ്യുവാൻ അനുമതി നൽകിയ മണ്ണിന്റെ അളവ് പ്രകാരമുള്ള റോയൽറ്റി പെർമിറ്റ് ഉടമ ട്രഷറിയിൽ ഒടുക്ക് വരുത്തി ചെല്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് Form S ലെ മൂവ്മെന്റ് പെർമിറ്റും Form O(A) ലെ മിനറൽ ട്രാൻസിറ്റ് പാസ്സും അനുവദിക്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഇപ്രകാരം മിനറൽ ട്രാൻസിറ്റ് പാസ്സ് ലഭിച്ച ഉടമ മിനറൽ ട്രാൻസിറ്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ബേസ്മെന്റ് നിർമ്മിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(7) പ്രകാരം റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കണം. കൂടാതെ അനുവദിച്ചതിനേക്കാൾ കൂടുതൽ മണ്ണ് എടുക്കുകയും ചെയ്താൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 14(8) പ്രകാരം അധികമായി എടുക്കുന്ന മണ്ണിന്റെ റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി പെർമിറ്റ് ഉടമ ഒടുക്കണം.
മൂവ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 4 വ്യക്തികൾ മൂവ്മെന്റ് പെർമിറ്റ് ലഭിച്ച് ഒരു വർഷം പൂർത്തീകരിച്ചിട്ടുണ്ട് വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉടമയുടെ പേര്	Form S ലെ മൂവ്മെന്റ് പെർമിറ്റ് വിശദാംശം	മണ്ണിന്റെ അളവ്	റോയൽറ്റി തുക (ടൺ*40)	റിമാർക്സ്
1	ശ്രീ ഹുസൈൻ	എസ് 5 BA(41178)/24	270 ടൺ ട്രാൻസിറ്റ് പാസ് 54-	10806/-	മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല.
2	ശ്രീമതി ശ്രീലേഖ	എസ് 5 BA(95695)/24	830.22 ടൺ ട്രാൻസിറ്റ് പാസ് -166	33209/-	മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല
3.	ശ്രീ പുരുഷൻ	എസ്.സി 3 6588/23	834ടൺ ട്രാൻസിറ്റ് പാസ് -166 ഉപയോഗിച്ചത്-78	33360/-	മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല
4	ശ്രീമതി.ശ്രീകുമാരി, ശ്രീസദനം	എസ് 5 BA(142864)/24	437 ടൺ	17492/-	മണ്ണ് നീക്കം ചെയ്ത് ബേസ് മെന്റ് നിർമ്മാണം ആരംഭിച്ചിട്ടില്ല

പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്ന് 10.7.25 ന് നടത്തിയ സ്ഥലപരിശോധനയുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചട്ട ലംഘനം നടത്തിയ മേൽ വ്യക്തികൾക്കെതിരെ സ്വീകരിച്ച തുടർ നടപടികളുടെയും പിഴ ഒടുക്കിയതിന്റെയും വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, ക്രമ നമ്പർ 1മുതൽ 3 വരെയുള്ളവർ ബേസ്മെന്റ് നിർമ്മിക്കാത്ത വിവരം 28.07.25 -ലെ 3088693/25 നമ്പർ കത്തു മുഖേന ജിയോളജി വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 4 പ്രകാരമുള്ള വ്യക്തി ബേസ്മെൻറ് നിർമ്മിച്ചിട്ടില്ലാത്തത് ജിയോളജിയെ അറിയിക്കുമെന്നും ജിയോളജി ഉദ്യോഗസ്ഥരുമായി സംയുക്ത പരിശോധന നടത്തി ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ വ്യക്തികളിൽ നിന്നും കേരള മൈനർ മിനറൽ കൺസഷൻ ചട്ട പ്രകാരമുള്ള റോയൽറ്റി ഫീസിന്റെ അഞ്ചിരട്ടി പിഴയായി ഒടുക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ-17/16-10-2025

1-23 നിക്ഷേപ പ്രവൃത്തികൾ- പ്രവൃത്തി പൂർത്തിയാക്കി നിക്ഷേപത്തുക ക്രമീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ എസ് ഇ ബി , കേരള ജല അതോറിറ്റി, കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കി നിക്ഷേപത്തുക ക്രമീകരിച്ചതായി കാണുന്നില്ല.

ക്രമീകരിച്ചിട്ടില്ലാത്ത തുകകളുടെ വിവരം ശീർഷകം തിരിച്ച് താഴെ ചേർക്കുന്നു.

ക്രമനം.	ധനകാര്യ പത്രികയിലെ ഹെഡ്കോഡ്	തുക സ്വീകരിച്ച സ്ഥാപനം	31.03.24 വരെയുള്ള അഡ്വാൻസിൽ നാളിതുവരെ ക്രമീകരിക്കാനുള്ള തുക ₹
1	460500201	കേരള വാട്ടർ അതോറിറ്റി	12,58,816
2	460500202	കേരള ഇലക്ട്രിസിറ്റി ബോർഡ്	18,69,786
3	460500204	കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	3,53,435
4	460500399	ആതറൈസ്ഡ് ഏജൻസികൾക്കുള്ള അഡ്വാൻസ്	₹1,00,000/-(31.03.25 ലെ തുക)

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു, ക്രമനം.1,2 സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകൾ ക്രമീകരിച്ച് രേഖകൾ ഹാജരാക്കുന്നതാണെന്നും ക്രമനം.3 പ്രകാരം നിക്ഷേപിച്ച തുകയിൽ ₹3,30,192/- ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളത് അഡ്ജസ്റ്റ് ചെയ്യുന്നതാണെന്നും ഹെഡ് കോഡ്- 460500399 എന്ന ഹെഡിൽ ₹1,00,000/- അങ്കണവാടി നിർമ്മാണത്തിനായി എംജിഎൻആർഇജിഎ മിഷൻ ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ള തുകയാണെന്നും കോൺട്രാക്ടർ മരിച്ചുപോയതിനാൽ പ്രവൃത്തി നടപ്പായിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകളും വിനിയോഗബാക്കി തുകയും തിരികെ ഈടാക്കേണ്ടതാണ്.

1-24 ജനകീയാസൂത്രണം 2014-15 -കൊയ്ത്ത് മെതി യന്ത്രം, ട്രാക്ടർ - ആസ്തി പരിപാലനത്തിലെ അപാകതകൾ

2014 – 2015 സാമ്പത്തിക വർഷം പ്രോജക്ട് നം SO 12/ 15 പ്രകാരം താഴെ പറയുന്ന കാർഷിക ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. കൊയ്ത്ത് മെതി യന്ത്രം - CLASS CROP TIGER COMBINE HARVESTOR DOMINATOR

₹ 24,50,000/- ഇൻവോയ്സ് നം CH/ CH/ 14-15/ 12.03.153 – KAICO Thiruvananthapuram

2. ട്രാക്ടർ - JOHN DEER- 5052-D - ₹ 7,47,000/- RAIDCO, Kollam.

എന്നാൽ മേൽ ഉപകരണങ്ങൾ ദീർഘനാളായി ഉപയോഗിക്കാതിരുന്നതു മൂലം തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലാണ്. ഉപകരണങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൃഷി ഓഫീസറും സംയുക്തമായുള്ള പതാരം സർവ്വീസ് സഹകരണ ബാങ്കിന്റെ (അക്കൗണ്ട് നം 4060) പാസ് ബുക്ക് പരിശോധിച്ചതിൽ ടി അക്കൗണ്ടിൽ 14.03.22 വരെ ഇടപാടുകൾ നടന്നതായും 79,475/- രൂപാ നീക്കിയിരുപ്പ് ഉള്ളതായും കാണുന്നു. കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് വാങ്ങിയ മേൽ ആസ്തികൾ കൃത്യമായ പരിപാലനമില്ലായ്മ മൂലം നശിച്ച അവസ്ഥയിലാണ്. ടി വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ട്രാക്ടർ ബാറ്ററി തകരാറു മൂലമാണ് ഗ്രാമപഞ്ചായത്ത് കോംബൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതെന്നും ആയത് പരിഹരിച്ച് പാടശേഖര സമിതിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും മെതി യന്ത്രം പ്രവർത്തന യോഗ്യമാക്കനാകാത്തവിധം തകരാറ് സംഭവിച്ചിട്ടുള്ളതിനാൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ട് ആയതിനാൽ ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും അനുമതി വാങ്ങി ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് കരുത്ത് പകരുന്നതിനായി പദ്ധതി പ്രകാരം വാങ്ങിയ യന്ത്രങ്ങൾ അറ്റകുറ്റപണികൾ തീർത്ത് പ്രവർത്തന സജ്ജമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 05/ 08.10.25

1-25 ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ

ആകെയുള്ള തെരുവ് വിളക്കുകളുടെ വിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കൃത്യമാക്കുന്നതിന് കെഎസ്ഇബി അധികൃതരുമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുള്ളതിന്റെ രേഖകളും സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് മെയിൻ ഘടിപ്പിച്ചിട്ടില്ലാത്ത പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിച്ചിട്ടുണ്ടോയെന്നും ഇത്തരത്തിലെ വിളക്കുകൾക്ക് കറണ്ട് ചാർജ് കൊടുക്കുന്നുണ്ടോയെന്നുള്ളതിന്റെ രേഖകളും ലഭ്യമല്ല. ഉപയോഗശൂന്യമായ വിളക്കുകൾ അക്കൗണ്ട് ചെയ്തിട്ടുള്ളതിന്റെ വിവരവും വാറണ്ടി കാലയളവിൽ ബൾബുകൾ കേടായിട്ടുണ്ടെങ്കിൽ അവ സപ്ലൈയറിൽ നിന്നും മാറ്റി കിട്ടിയിട്ടുണ്ടോയെന്നതിന്റെ രേഖകളും ലഭ്യമല്ല. വാറണ്ടി കാലയളവിൽ കേടാകുന്ന ബൾബുകൾ കണ്ടെത്തി സപ്ലൈയറിൽ നിന്നും മാറ്റി വാങ്ങുന്നതിന് ഏർപ്പെടുത്തിയ സംവിധാനത്തെക്കുറിച്ചും വിശദീകരിച്ചിട്ടില്ല. ഈവിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 10/ 14.10.25

1-26 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നല്കുന്നു.

ക്രമനം	പ്രോജക്ട് നം., പേര്	ചെലവ് തുക, കൈപ്പറ്റിയ സ്ഥാപനം, ഫണ്ടിനം	ബിൽ നം. / ചെക്ക് നം. , തീയതി
1	21/25- റാബിസ് വാക്സിനേഷൻ- പഞ്ചായത്ത് വിഹിതം	₹50,000/- ജില്ലാപഞ്ചായത്ത് സെക്രട്ടറി , തനത് ഫണ്ട്	ചെക്ക് നം.004241/20.01.25
2	29/25- എബിസി സെന്റർ- ഗ്രാമപഞ്ചായത്ത് വിഹിതം	₹1,00,000/- ജില്ലാപഞ്ചായത്ത് സെക്രട്ടറി, തനത് ഫണ്ട്	ചെക്ക് നം.00823529/18.03.25
3	204/25- മൊബൈൽ മാലിന്യ സംസ്കരണ യൂണിറ്റ്- ഗ്രാമപഞ്ചായത്ത് വിഹിതം	₹1,00,000/- ജില്ലാപഞ്ചായത്ത് സെക്രട്ടറി, കേന്ദ്ര ഫണ്ട്	TRN 240403000000016065/ 28.03.25
4	126/25- ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ	₹2,69,544/-, ₹50,000/- കെ എസ് ഇ ബി ശൂരനാട്, CFC ഗ്രാന്റ് ₹1,00,921/- കെ എസ് ഇ ബി ശാസ്താംകോട്ട, CFC ഗ്രാന്റ്	₹2,69,544/- XVFC/2024-25/P109 27.03.25 ₹50,000/- XVFC/2024-25/ P1 26.03.25 ₹1,00,921/- XVFC/2024-25/P107 26.03.25
5	176/25- മീനത്തിൽ ജംഗ്ഷൻ- വല്ല്യച്ചൻ നട ഇലക്ട്രിക്ക് ലൈൻ എക്സ്റ്റൻഷൻ വാർഡ് 16	₹24,751/- കെ എസ് ഇ ബി ശൂരനാട്, തനത് ഫണ്ട്	ചെക്ക് നം. 003888/23.10.24

സ്വീകരിച്ച തുടർ നടപടികളുടെ വിവരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, ക്രമനം.1,2,3 പ്രോജക്ടുകൾ ജില്ലാപഞ്ചായത്തിന് തുക അനുവദിച്ചിട്ടുള്ളവയാണെന്നും ജില്ലാപഞ്ചായത്ത് പ്രോജക്ടുകൾ നാളിതുവരെ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം അനുവദിച്ചിട്ടില്ലെന്നും ക്രമനം.4,5 പ്രോജക്ടുകൾ പൂർത്തിയാകുന്നമുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാൽ ₹6,95,216/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10 / 14.10.25

1-27 പൊതുടാപ്പുകൾ നിർത്തലാക്കൽ-പ്രോജക്ടിനായി വിനിയോഗിച്ചശേഷം ബാക്കി വന്ന

തുക തിരികെ ഈടാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ നം.129/25 പൊതുടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള ഡിസ്മാന്റിലിംഗ് ഫീസ് ഒടുക്കൽ എന്ന പ്രോജക്ടിനായി അനുവദിച്ച തുകയിലെ വിനിയോഗബാക്കി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കിയില്ല. പ്രോജക്ടിന്റെ നടത്തിപ്പിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി പേർക്ക് തനത് ഫണ്ടിൽ നിന്നും ₹4,89,000/- (Chq No.002415/24.06.24) അനുവദിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ 315 പൊതുടാപ്പുകളുടെ കണക്ഷൻ വിശ്ചേദിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ സാക്ഷ്യപത്രപ്രകാരം ഇതിനായി ₹2,15,246/- വിനിയോഗിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ, വിശ്ചേദിച്ച പൊതുടാപ്പുകളുടെ എണ്ണവും പ്രോജക്ട് നടപ്പിലാക്കുന്നതിനു മുൻപും ശേഷവും വന്നിട്ടുള്ള വാട്ടർ ബിൽ തുകയുടെ വിവരവും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, മുഴുവൻ ടാപ്പുകളും വിശ്ചേദിച്ചിട്ടുണ്ടെങ്കിലും നിലവിലും വാട്ടർ ബിൽ ഡിമാന്റുകൾ ലഭിച്ചുവരുന്നതായും ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവ് ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പ്രോജക്ട് വിനിയോഗ ശേഷം അധികമായി കേരള വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ ₹2,73,754/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തുക തിരികെ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10/ 14.10.25

1-28 ആർദ്രം ജീവനക്കാരുടെ വേതനം-വേതനം നല്കുന്നതിനായി അധികത്തുക ചെലവഴിച്ചു.

മെഡിക്കൽ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകൾ പരിശോധിച്ചതിൽ വേതനം നല്കുന്നതിനായി അധികം തുക ചെലവഴിച്ചിട്ടുണ്ട്.

ആർദ്രം ജീവനക്കാരുടെ വേതനം എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും ₹9,88,251/- ചെലവഴിച്ചിട്ടുണ്ട്. GO(P).29/2021/Fin 11.02.21 ഉത്തരവ് പ്രകാരം ഈ പ്രോജക്ടിൽ നിന്നും എഫ് എച്ച് എസി കളിലേക്ക് ഒരു ഡോക്ടറുടേയും ഒരു പാരാ മെഡിക്കൽ സ്റ്റാഫിന്റെയും വേതനമാണ് അനുവദിക്കാവുന്നത്. എന്നാൽ ഒരു ഡോക്ടർ, ഒരു നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നിങ്ങനെ മൂന്നു പേർക്ക് 04/24 ലേക്ക് വേതനം അനുവദിച്ചിട്ടുള്ളതായി കാണുന്നു. ഈ ഇനത്തിൽ ₹30,995/- അധികച്ചെലവുണ്ട് (ബിൽ നം.01/06.06.24). ആയതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ, സ്ഥാപനത്തെ എഫ് എച്ച് സി യായി ഉയർത്തിയപ്പോൾ സുഗമമായി പ്രവർത്തിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം വേണ്ടിവന്നതിനാലാണ് അധിക സ്റ്റാഫിനെ അനുവദിച്ചതെന്നാണ് പറഞ്ഞിട്ടുള്ളത്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി നടത്തിയ ₹30,995/- ടെ അധികച്ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15 / 14.10.25

1-29 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 2021-22 സാമ്പത്തിക വർഷം മുതൽ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചുവരുന്നു. 2025-2026 കാലയളവ് വരെയാണ് ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2024-25 വരെ സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ലഭിച്ച ഹെൽത്ത് ഗ്രാന്റ് ₹				ആകെ₹	ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ്₹				ആകെ₹	ബാലൻസ്
		2021-2022	2022-2023	2023-2024	2024-2025		2021-2022	2022-2023	2023-2024	2024-2025		
1	Support For Diagnostic Infrastruc Ture	0	264733	895000	374000	1533733	0	124852	291575	582970	999397	534336 പലിശ ഉൾപ്പെടെ : 574787
2	Grant Fo R Rural Health & Wellness Centres	0	135000	376000	599000	1110000	0	94995	273715	142290	511000	599000 പലിശ ഉൾപ്പെടെ : 612432
3	Construction Of	0	0	0	0	0	0	0	0	0	0	0

	Building To Health Sub Centres											
	ആകെ	0	399733	1271000	973000	2643733	0	219847	565290	725260	1510397	1133336 പലിശ ഉൾപ്പെടെ :1187219

Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് സ്കീം-3 പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകകളുടെ വിവരംചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ചെലവഴിച്ച തുക ₹				ആകെ₹
		2021-2022	2022-2023	2023-2024	2024-2025	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	0.00	0.00	41573	210386	251959
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	0.00	49544	16983	246683	313210
3	ഉപകരണങ്ങൾ, കിറ്റുകൾ, റീ ഏജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	0.00	75308	233019	125901	434228
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	0.00	0.0	0.00	0.00	0.00
	ആകെ	0.00	124852	291575	582970	999397

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ചെലവഴിച്ച തുക₹				ആകെ₹
		2021-2022	2022-2023	2023-2024	2024-25	
1	പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	0.00	0.00	49576	53050	102626
2	ഇന്റർനെറ്റ് ചാർജ്	0.00	0.00	0	0	0
3	ബോധവൽക്കരണ ക്ലാസ്സുകൾ	0.00	0.00	0	20000	20000
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	0.00	0.00	0	5000	5000
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	0.00	94995	224139	64240	383374
	ആകെ	0.00	94995	273715	142290	511000

2021-2026 കാലയളവിലേയ്ക്കാണ് ഹെൽത്ത് ഗ്രാന്റ് അനുവദിക്കുന്നത്. അതാത് വർഷം അനുവദിക്കുന്ന ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. ടി വിഷയത്തിൽ ആരോഗ്യ, വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

1-30 ജൽജീവൻ മിഷൻ അവലോകനം

കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ജനപങ്കാളിത്തം ഉറപ്പാക്കികൊണ്ട് 2024 ആകുമ്പോഴേക്കും ഇന്ത്യയിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധമായ കുടിവെള്ളം ആവശ്യാനുസരണം പ്രവർത്തനക്ഷമമായ ടാപ്പിലൂടെ ലഭ്യമാക്കുക എന്നുള്ള ദൗത്യമാണ് ജൽജീവൻ മിഷന്റേത്. ഈ പദ്ധതിക്ക് ആവശ്യമായ സാമ്പത്തിക സംവിധാനം 50% കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരം 15% തദ്ദേശ സർക്കാരും (ഗ്രാമ പഞ്ചായത്ത്) 10% ഗുണഭോക്താവും എന്ന നിലയിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കിയ പദ്ധതിയിൽ കുടിവെള്ളം വീട്ടുമുറ്റത്ത് എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിയത് നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി ആണ് .

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയിട്ടില്ല

പഞ്ചായത്ത് വിഹിതമായി യാതൊരു തുകയും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടില്ല

2. എം.എൽ.എ ഫണ്ടിൽ നിന്നും ജൽജീവൻമിഷനായി തുകയൊന്നും ലഭിച്ചിട്ടില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷം	ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2024 ഏപ്രിൽ	18	9000/-	9000/-	0	
2024 മെയ്	18	9000/-	9000/-	0	
2024 ജൂൺ	17	8500/-	8500/-	0	
2024 ജൂലൈ	16	8000/-	8000/-	0	
2024 ആഗസ്റ്റ്	16	8000/-	8000/-	0	
2024 സെപ്റ്റംബർ	16	8000/-	8000/-	0	
2024 ഒക്റ്റോബർ	16	8000/-	8000/-	0	
2024 നവംബർ	16	8000/-	8000/-	0	
2024 ഡിസംബർ	15	7500/-	7500/-	0	
2025 ജനുവരി	16	8000/-	8000/-	0	
2025 ഫെബ്രുവരി	16	7500/-	7500/-	500/-*	
2025 മാർച്ച്	16	7500/-	7500/-	500/-*	01.11.2023 മുതൽ LWA യിൽ തുടർന്ന ജീവനക്കാരിയുടെ പ്രീമിയം (02/2025 , 03/2025) 05.06.2025 തീയതിയിൽ ഒടുക്കിയിട്ടുണ്ട്

(1-4-2024 മുതൽ 31-3-2025-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവർ ഒഴികെ)
റിമാർക്ക്സ്

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ പിറ്റിഎൽ 30.06.2024 തീയതിയിൽ വിരമിച്ചിട്ടുണ്ട്. ടിയാന് പകരം നിയമനം നടത്തിയിട്ടില്ല. 31.05.2024 തീയതിയിൽ ഒരു ജീവനക്കാരൻ വിരമിച്ചിട്ടുണ്ട്.
* 01.11.2023 മുതൽ 31.03.2025 വരെ ശൂന്യവേതനാവധിയിൽ ഉള്ള ജീവനക്കാരിയുടെ 01.11.2023 മുതൽ 31.03.2025 വരെയുള്ള മെഡിസെപ്പ് പ്രീമിയം' ഒടുക്കിയിട്ടുണ്ട്.

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1-4-24മുതൽ 30-6-24-നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/23 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

3.മെഡിസെപ്പ് പ്രീമിയം ഒടുക്ക്(1/7/24മുതൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(7/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (1/8/24മുതൽ 31/3/25നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/22 മുതൽ അല്ലെങ്കിൽ 7/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ബാധകമല്ല					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ തീയതി
2024-25	09-10-2025, 10-10-2025	കെ.എസ്.എ.കെ.എൽ.എം.പി10/2154/25 തീയതി 06.12.2025

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	200000	സ്വാന്തന പരിചരണം	200000
ബ്ലോക്ക്	2024-25	275000	ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്	275000

പഞ്ചായത്ത്			വിതരണം	
ബ്ലോക്ക് പഞ്ചായത്ത്	2024-25	100000	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ	100000
ബ്ലോക്ക് പഞ്ചായത്ത്	2024-25	18824	അതിജീവനം-അതിദാരിദ്ര്യ നിർമ്മാർജ്ജന മൈക്രോപ്ലാൻ	18824
ബ്ലോക്ക് പഞ്ചായത്ത്	2024-25	300000	ലൈഫ് ഭവന നിർമ്മാണം ജനറൽ	300000
ബ്ലോക്ക് പഞ്ചായത്ത്	2024-25	530000	ലൈഫ് ഭവന നിർമ്മാണം - എസ്.സി.പി	530000
ബ്ലോക്ക് പഞ്ചായത്ത്	2024-25	524202	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	524202
ജില്ലാ പഞ്ചായത്ത്	2024-25	58750	അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി-ജനറൽ	58750
ജില്ലാ പഞ്ചായത്ത്	2024-25	860000	ലൈഫ് ഭവന നിർമ്മാണം ജനറൽ	860000
ജില്ലാ പഞ്ചായത്ത്	2024-25	140000	ലൈഫ് ഭവന നിർമ്മാണം എസ്.സി.പി	140000
ജില്ലാ പഞ്ചായത്ത്	2024-25	573813	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-	573813
ജില്ലാ പഞ്ചായത്ത്	2024-25	13686	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-എസ്.സി.പി	13686

4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാതെ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള ഡിസ്മാന്റ്ലിംഗ് ഫീ ഒടുക്കൽ		489000/-	0	489000/-
കെ.എസ്.ഇ.ബി	മീനത്തേൽ ജം. വല്യച്ചൻ നട ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ		24751/-	0	24751/-
കെ.എസ്.ഇ.ബി	ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ		420465/-	0	420465/-

4-5 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. പലിശയിനത്തിൽ 1,59,566/-രൂപ വരവുണ്ട്. മുൻബാക്കി 1,05,01,706/- രൂപയടക്കം 1,06,61,272/- രൂപയിൽ 1,06,61,012/ -രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	തൻവർഷ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	0	9,19,04,355	80,51,944	0	8,38,52,411

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 10,710/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും	രസീത് നമ്പർ, തീയ്യതി
2023-24	Para.1-18	4275	CBS Corporate Business Solution	1240301065/ 08.10.2024
2016-17	KSA/ KLM/ P10/1228/2020	435	ശ്രീ.ജോയി മോഹൻ, അസി. സെക്രട്ടറി	1240301102/ 16.10.2024
2016-17	KSA/ KLM/ P10/1228/2020	6000	ശ്രീ.ജോയി മോഹൻ, അസി. സെക്രട്ടറി	1240301282/ 20.11.2024
	ആകെ	10,710/-		

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	17100/-	ശ്രീമതി ലതികുമാരി അമ്മ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-20	2457/-	ശ്രീമതി ലതികുമാരി അമ്മ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-26	6,95,216/-	ശ്രീമതി ലീനാബീഗം ,സെക്രട്ടറി
1-27	2,73,754/-	ശ്രീമതി ലീനാബീഗം ,സെക്രട്ടറി
1-28	30,995/-	ഡോ.സെമീന.കെ ,മെഡിക്കൽ ഓഫീസർ, അലോപ്പതി
ആകെ	10,19,522/-	

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.സെമീന.കെ , മെഡിക്കൽ ഓഫീസർ, അലോപ്പതി	പ്രാഥമികാരോഗ്യകേന്ദ്രം, ശൂരനാട്തെക്ക്	പൂയപ്പള്ളിയിൽ ഹൗസ്, പി.വി നോർത്ത്, തഴവ
ശ്രീമതി ലതികുമാരി അമ്മ പി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ, കുന്നത്തൂർ ഗ്രാമപഞ്ചായത്ത്	പണിച്ചേരിൽ, മുഴങ്ങോടി, തൊടിയൂർ.പി.ഒ
ശ്രീമതി ലീനാബീഗം ,സെക്രട്ടറി	ശൂരനാട്തെക്ക് ഗ്രാമപഞ്ചായത്ത്, പതാരം.പി.ഒ	അൻസാരി മൻസിൽ, മംഗലത്ത് ഹൗസ്, പന്മന, വടക്കുംതല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.ക്യു.പി8/1396(3)/14 തീ. 24.6.14	3
1999-00	എൽ.എഫ്.ക്യു.പി8/1396(5)/14 തീ. 24.6.14	5
2001-02	എൽ.എഫ്.ക്യു.പി8/1396(7)/14 തീ. 24.6.14	2
2002-03	എൽ.എഫ്.ക്യു.പി8/1396(8)/14 തീ. 24.6.14	4
2003-04	എൽ.എഫ്.ക്യു.പി8/1396(9)/14 തീ. 24.6.14	2
2004-05	എൽ.എഫ്.ക്യു.പി8/1396(10)/14 തീ. 24.6.14	4
2005-06	എൽ.എഫ്.ക്യു.പി8/1396(11)/14 തീ. 24.6.14	4
2006-07	എൽ.എഫ്.ക്യു.പി8/1396(12)/14 തീ. 24.6.14	6
2007-08	എൽ.എഫ്.ക്യു.പി8/1396(13)/14 തീ. 24.6.14	6
2008-09	എൽ.എഫ്.ക്യു.പി8/1396(14)/14 തീ. 24.6.14	2
2009-10	എൽ.എഫ്.ക്യു.പി8/1396(15)/14 തീ. 24.6.14	6
2010-11	എൽ.എഫ്.ക്യു.പി8/1396(16)/14 തീ. 24.6.14	6
2011-12	കെ.എസ്.എ.–കെ.എൽ.എം.പി10/ അദാലത്ത്/11-12/1527/22 തീ 22.08.22	6
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി10/ അദാലത്ത്/12-13, 13-14/ 1527/22 തീ 22.08.22	8
2014-15	കെ.എസ്.എ. – കെ.എൽ.എം.പി10/ അദാലത്ത്/14-15/1527/22 തീ 22.08.22	7
2015-16	കെ.എസ്.എ. – കെ.എൽ.എം.പി10/ അദാലത്ത്/15-16/1527/22 തീ 22.08.22	5
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017	9
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19	6
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20	6
2019-20	കെ.എസ്.എ. കെ.എൽ.എം.പി. 10/79/2022 തീയതി, 22/06/2022	12
2020-21	കെ.എസ്.എ. കെ.എൽ.എം.പി. 10/1220/2022 തീയതി 25/07/2022	10
2021-22	കെ.എസ്.എ. കെ.എൽ.എം.പി. 10/44/2023 തീയതി 29/03/2023	17
2022-23	കെ.എസ്.എ. കെ.എൽ.എം.പി. 10/1732/2023 തീയതി 31/10/2023	എല്ലാ ഖണ്ഡികകളും
2023-24	കെ.എസ് എ-കെ എൽ എം/പി10/1631/24 തീയ്യതി: 23/08/2024	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 11-07-2025 and submitted on 15-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Sooranad South Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Sooranad South Grama Panchayat as on 31-03-2025

Date: 06/12/2025

Deputy Director
District Office Kollam
Kerala State Audit Department

Audit Report appended to the Audit Certificate of Sooranad South Grama Panchayat for the Year 2024-2025 .

1.Major Observations

Nil

2.Other Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit.

Ratios, Notes on accounts

2) Accrual based Demand entries of all income heads were not timely updated.

Documents supporting the accuracy of book adjustments in r/o property tax were not produced for verification.

3) The Asset Register has not been maintained value based . So the accuracy of the values shown in the balance sheet and that of depreciation could not be verified.

4) Monthly reconciliation of ledger balances has not been prepared.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം - 3

അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്